(എ) കുട്ടനാട് നിയോജക മണ്ഡലത്തിൽ ഈ സാമ്പത്തിക വർഷം ഏതെല്ലാം മേജർ/മൈനർ ഇറിഗേഷൻ നിർമ്മാണ പ്രവൃത്തികൾക്ക് ആരുടെ ശുപാർശ പ്രകാരമാണ് സാമ്പത്തിക അനുമതി നൽകിയതെന്ന് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ കുട്ടനാട്ടിൽ അനുവദിച്ച മേജർ/മൈനർ പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) കുട്ടനാട് നിയോജക മണ്ഡലത്തിൽ ഈ സാമ്പത്തിക വർഷം താഴെ കൊടുക്കുന്ന മേജർ ഇറിഗേഷൻ നിർമ്മാണ പ്രവൃത്തിക്കാണ് സാമ്പത്തിക അനുമതി നൽകിയിട്ടുള്ളത്.

പ്രവൃത്തിയുടെ പേര്	തുക (ലക്ഷത്തിൽ)
കുട്ടനാട്മണ്ഡലത്തിലെ കൈനകരി പഞ്ചായത്തിലെ പാഴൂർ ക്ഷേത്രത്തിന്റെ മുൻഭാഗത്തുള്ള കലുങ്ക് മുതൽ കിഴക്കോട്ട് ; പാഴൂർ തോടിന്റെ വടക്ക് ഭാഗത്തിന്റെ സംരക്ഷണം	15.00

സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ശിപാർശ പ്രകാരമാണ് ഈ പ്രവൃത്തിക്ക് സാമ്പത്തിക അനുമതി നൽകിയത്. മൈനർ ഇറിഗേഷൻ മുഖാന്തിരം ഒരു പ്രവൃത്തിക്കും സാമ്പത്തിക അനുമതി നൽകിയിട്ടില്ല.

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ കുട്ടനാട്ടിൽ അനുവദിച്ച മേജർ/മൈനർ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

ഭാരതപ്പുഴ-ബിയ്യം കായൽ സംയോജന പദ്ധതി

172 (2727) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചമ്രവട്ടം റഗുലേറ്റർ പദ്ധതിയിൽ നിന്നും തൃശ്ശൂർ പൊന്നാനി കോൾ മേഖലയായ ബിയ്യം കായലിലേക്ക് വേനൽകാലത്ത് ജലം എത്തിക്കുന്നതിനുള്ള ഭാരതപ്പുഴ-ബിയ്യം കായൽ സംയോജന പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയുടെ പ്രാഥമിക പഠനം പൂർത്തിയായിട്ടുണ്ടോ ;

(സി) മുണ്ടകൻ പാടങ്ങളും, തെങ്ങിൻ തോപ്പുകൾ അടക്കമുള്ള കര കൃഷിക്ക് വളരെ ഉപകാരപ്പെടുന്ന പൊന്നാനി കോൾ മേഖലയിലെ പ്രസ്തുത സമഗ്രപദ്ധതി നടപ്പാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ചമ്രവട്ടം റഗുലേറ്ററി പദ്ധതിയിൽനിന്നും തൃശ്ശൂർ-പൊന്നാനി കോൾ മേഖലയായ ബിയ്യം കായലിലേക്ക് വേനൽക്കാലത്ത് ജലം എത്തിക്കുന്നതിനുള്ള ഭാരതപ്പുഴ-ബിയ്യം കായൽ സംയോജന പദ്ധതിയുടെ സാധ്യതാപഠനം നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(ബി) പ്രാഥമിക പഠനം പൂർത്തിയാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഏകദേശം 25 കോടി രൂപ ചെലവ് വരുന്നതാണ്. ഫണ്ടിന്റെ സ്ഥലത്തിന്റെയും ലഭ്യത ഈ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമാണ്.

മാട്ടൂൽ, മാടായി ഗ്രാമപഞ്ചായത്തുകളിൽ പുതിയ കടൽ ഭിത്തി നിർമ്മിക്കുന്നതിന് നടപടി

173 (2728) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ കടലാക്രമണത്തിൽ തകർന്ന മാട്ടൂർ, മാടായി ഗ്രാമപഞ്ചായത്തുകളിലെ കടൽഭിത്തി പുനർനിർമ്മിക്കുന്നതിനും പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനും എന്തൊക്കെ നടപടികളാണ് നവീകരിച്ചിട്ടുള്ളത് ;

(ബി) ഏതൊക്കെ പ്രവൃത്തികൾക്ക് എത്ര രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട് ; വിശദാംശം നൽകുമോ ;

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്നറിയിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ രൂക്ഷമായ കടലാക്രമണം നേരിടുന്ന എട്ടിക്കുളം മുതൽ പയ്യാമ്പലം വരെയുള്ള സ്ഥലങ്ങളിൽ പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനും കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനുമായി ഫ്ലഡ് മാനേജ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly